VERAPOLY

ARCHDIOCESAN GAZETTE

വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. LIV - JK 110 **2026 NOVEMBER 16** **No. 14**

PASTORAL LETTER

ആഗമനകാലം 2026

യേശുവിൽ പ്രിയ വൈദികസഹോദരരേ,
സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,

2026 നവംബർ 29-ാം തീയതി ഞായറാഴ്ച ആഗമനകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പ്രപഞ്ചസ്നേഹിയും മനുഷ്യസ്നേഹിയുമായ വി. ഫ്രാൻസിസ് അസ്സീസിയുടെ വർഷമായി ആചരിക്കപ്പെടുന്ന ജൂബിലിവർഷത്തിലെ ആഗമനകാലമാണിത്. ബെത്ലഹെമിൽ പിറന്ന രക്ഷകന്റെ തിരുപ്പിറവിയുടെ ദൃശ്യം ലോകത്തിന് വെളിപ്പെടുത്തിക്കൊണ്ട് ആദ്യത്തെ പുൽക്കൂടൊരുക്കിയ വി. ഫ്രാൻസിസ് അസ്സീസി നമ്മുടെ ജീവിതം ഒരു പുൽക്കൂടായി മാറേണ്ടതുണ്ട് എന്ന സന്ദേശമാണ് നൽകുന്നത്. പുൽക്കൂട്ടിൽ നാം ദർശിക്കുന്ന ലാളിത്യവും എളിമയും സ്നേഹത്തിന്റെ സൗന്ദര്യവും നന്മയുടെ പ്രകാശവുമെല്ലാം നമ്മുടെ ജീവിതത്തിന്റെ ഭാഗമാകണമെന്നും അപ്രകാരം മാത്രമെ നമുക്ക് സമാധാനത്തിന്റെ ചാലകങ്ങളായി മാറുവാൻ സാധിക്കുകയുള്ളൂ എന്നും വി. ഫ്രാൻസിസ് ഈ ആഗമനകാലത്തിൽ നമ്മെ അനുസ്മരി

പ്പിക്കുന്നു. പശ്ചിമേഷ്യയിലും യുക്രേയിനിലും മറ്റും ഇപ്പോഴും നില നില്ക്കുന്ന യുദ്ധത്തിന്റെ കരിനിഴലുകൾ നീങ്ങി എങ്ങും സമാധാന ത്തിന്റെ വെളിച്ചം നിറയാൻവേണ്ടി 'ദൈവമെ എന്നെ സമാധാന ത്തിന്റെ ഉപകരണമാക്കണമേ'യെന്ന് പ്രാർത്ഥിച്ച അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ മാധ്യസ്ഥ്യത്തിൽ ഈ ആഗമനകാലത്തിൽ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

ഈ നവംബർ 14-ാം തീയതി തന്റെ അപ്പസ്തോലിക യാത്ര യുടെ ഭാഗമായി പെറുവിലെത്തിയ പരിശുദ്ധ പിതാവ് ലെയോ പതി നാലാമൻ പാപ്പാ, ചിക്ലായൊ കത്തീഡ്രലിൽ പരിശുദ്ധ അമലോത്ഭവ കന്യകയുടെ തിരുസ്വരൂപത്തിൽ കിരീടം ധരിപ്പിക്കുന്ന ചടങ്ങിൽ നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു - "വ്യാപകമായ അക്രമം സൃഷ്ടിക്കുന്ന അനിശ്ചിതത്ത്വം നമ്മുടെ അനേകം സഹോദരീസഹോ ദരന്മാരെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. വാക്കുകൾക്ക് അതീതമായ ദുരി തങ്ങളും സഹനങ്ങളും നമ്മെ ഭയപ്പെടുത്തുന്നു. നമ്മുടെ പ്രത്യാശയെ മങ്ങലേൽപ്പിക്കുകയും വിശ്വാസത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്ന ഈ ഇരുട്ടിനിടയിലും ദൈവത്തിന്റെ ദാനം നമ്മുടെ കൺമുന്നിൽ പ്രകാശിച്ചുകൊണ്ടേയിരിക്കുന്നു. 'നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു. നമുക്കൊരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു' "(ഏശയ്യ 9:6). പാപ്പാ തുടർന്നു പറയുന്നു - 'ഇരുളിൽ ആണ്ടുപോയതും ഐക്യത്തിനും അനുരഞ്ജനത്തിനുംവേണ്ടി ദാഹിക്കുന്നതുമായ മാനവരാശിക്ക് ദൈവം നൽകുന്ന ഉത്തരമാണ് പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശു. മനുഷ്യജീവിതത്തിന്റെ ഏറ്റവും മറഞ്ഞിരിക്കുന്ന കോണുകളെപ്പോലും പ്രകാശിപ്പിക്കാൻ കഴിവുള്ള ഏക വെളിച്ചമാണ് അവൻ." സ്നേഹ മുള്ളവരേ, ഈ ഏക വെളിച്ചമായ യേശുക്രിസ്തുവിന്റെ തിരുപ്പിറവി ക്കുവേണ്ടിയുള്ള കാത്തിരിപ്പാണ് ആഗമനകാലം. നിഴലുകൾവീണ ജീവിതത്തിൽ പ്രകാശമായി തെളിയുന്ന ദൈവത്തിന്റെ ദാനമായ തന്റെ പുത്രനുവേണ്ടിയുള്ള മനുഷ്യകുലത്തിന്റെ കാത്തിരിപ്പാണത്.

ആഗമനകാലത്തിലെ കാത്തിരിപ്പിന് ഒരു സ്വർഗീയ സൗന്ദര്യ മുണ്ട്. ഈ കാത്തിരിപ്പ് രണ്ടു വിധത്തിലുണ്ട് - അസ്തിത്വപരമായ കാത്തിരിപ്പും ആരാധനപരമായ കാത്തിരിപ്പും. അസ്തിത്വപരമായ

കാത്തിരിപ്പ് യുഗാന്ത്യംവരെ നീളുന്നതാണ്. എന്നാൽ ആരാധനാപര മായ കാത്തിരിപ്പ് ക്രിസ്തുമസ്വരെയാണ്. കാത്തിരിപ്പ് മനുഷ്യജീവി തത്തിന്റെ അവിഭാജ്യഘടകമാണ്. ഒരു കുഞ്ഞിനുവേണ്ടി പ്രത്യാശ യോടെ കാത്തിരിക്കുന്ന ദമ്പതികൾ. കുഞ്ഞു ജനിച്ചുകഴിഞ്ഞാൽ അവന്റെ വളർച്ചയിൽ ഓരോ നിമിഷവും ഒരു കാത്തിരിപ്പുണ്ട്. ഒരു ദിവസത്തെ അധ്വാനവും കഴിഞ്ഞ് പടികയറി വരുന്ന അപ്പച്ചന്റെ കൈയിലെ പലഹാരപൊതിക്കുവേണ്ടി മക്കൾ കാത്തിരിക്കുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. ആ കാത്തിരിപ്പിന്റെ സുഖം ഒന്നു വേറെ യാണ്. ജോലി കഴിഞ്ഞെത്തുന്ന ജീവിതപങ്കാളിക്കുവേണ്ടിയുള്ള കാത്തിരിപ്പും പഠനം കഴിഞ്ഞെത്തുന്ന മക്കൾക്കുവേണ്ടിയുള്ള കാത്തിരിപ്പും ദൂരദേശത്തായിരുന്നവർക്കുവേണ്ടിയുള്ള കാത്തിരിപ്പും നമുക്ക് സുപരിചതമാണ്. ആഗനമകാലം അപ്രകാരമുള്ള ഒരു കാത്തി രിപ്പിന്റെ ഊഷ്മളമായ അനുഭവമാണ് സമ്മാനിക്കുന്നത്. ഇത് ആരാ ധനപരമായ ഒരു കാത്തിരിപ്പാണ്.

ആഗമനകാലത്തെ വചനവായനകളിൽ നിറഞ്ഞുനിൽക്കുന്ന കാത്തിരിപ്പിന്റെ പ്രവാചകനാണ് ഏശയ്യാ പ്രവാചകൻ. അദ്ദേഹത്തെ ക്കാൾ മറ്റാരും രക്ഷകനിലൂടെയുള്ള വിമോചനത്തെ ഇത്രമാത്രം ആകാംക്ഷയോടെ കാത്തിരുന്നിട്ടില്ല. ആഗമനകാലത്ത് നമ്മെ മാന സാന്തരത്തിലേക്ക് ക്ഷണിക്കുന്ന മറ്റൊരു വിശുദ്ധഗ്രന്ഥ കഥാപാത്ര മാണ് വി. സ്നാപക യോഹന്നാൻ. ആഗമനകാലത്ത് മാനസാന്തര ത്തിന് വളരെ ശക്തമായ ഒരു ആഹ്വാനമുണ്ട്. വീണ്ടും ഈ കാലത്ത് നാം കണ്ടുമുട്ടുന്ന ഒരു സുപ്രധാന കഥാപാത്രം പരിശുദ്ധ അമ്മയാണ്. കാരണം, ഇസ്രായേൽ ജനതയുടെ മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷ കളെല്ലാം അവളിലൂടെയാണ് പൂവണിഞ്ഞത്.

സ്നേഹമുള്ളവരെ, നമ്മുടെ കാത്തിരിപ്പ് തുടരാനുള്ളതാണ്. നമ്മുടെ യാത്രയിലുടനീളം ഏശയ്യാ പ്രവാചകനും മരുഭൂമിയിൽ നിന്നു വന്ന സ്നാപകയോഹന്നാനും യേശുവിന്റെ അമ്മയായ പരിശുദ്ധ മറിയവും നമ്മുടെ കാത്തിരിപ്പിന് ഉദാത്തമാതൃകകൾ ആയിരിക്കും. അവരുടെ അധരങ്ങൾ ഉരുവിടുന്ന വചനങ്ങൾ നമുക്ക് എന്നും കരു

ത്തായിരിക്കും. ആയതിനാൽ ആട്ടിടയന്മാരുടെ എളിമയോടും നിഷ്ക ളങ്കതയോടുംകൂടെ ഈ ആഗമനകാലത്ത് ഉണ്ണിയേശുവിന്റെ വരവി നായി നമുക്ക് കാത്തിരിക്കാം.

എളിമയോടും ലാളിത്യത്തോടുമുള്ള കാത്തിരിപ്പിനെക്കുറിച്ച് ധ്യാനിക്കുന്ന ഈ വേളയിൽ ഒരു കാര്യം കൂടി നിങ്ങളുടെ ശ്രദ്ധയിൽപ്പെ ടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നാം പലപ്പോഴും നമ്മുടെ സാമൂഹ്യജീവിതത്തിന്റെ സമ്മർദ്ദത്താൽ വലിയ ആഘോഷങ്ങൾ നടത്താൻ നിർബന്ധിതരാകാറുണ്ട്. സാമ്പത്തികമായി ഭദ്രതയില്ലാത്ത നമ്മുടെ കുടുംബങ്ങൾ ഈ ആഘോഷങ്ങൾക്ക്ശേഷം തകർന്നു പോകുന്ന സംഭവങ്ങളും വിരളമല്ല. വ്യക്തമായ കണക്കുകൂട്ടലുകളും സാമ്പത്തിക അച്ചടക്കവും നമ്മുടെ ആഘോഷങ്ങൾക്ക് അവിഭാജ്യമാ ണ് എന്ന കാര്യം നമുക്ക് വിസ്മരിക്കാതിരിക്കാം. മരണമടഞ്ഞവർക്കു വേണ്ടി ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിക്കുന്നത് നല്ലതാണ്. എന്നാൽ മരണാനന്തര ചടങ്ങുകളുടെ ഭാഗമായി നമ്മുടെ പതിവുള്ള ആചര ണങ്ങൾ കൂടാതെ, തുടർ ആചരണങ്ങളും സദ്യകളും നടത്തി പണം ചിലവഴിക്കുമ്പോൾ ടുംബങ്ങൾ സാമ്പത്തിക പ്രതിസന്ധികളിലേക്ക് പോകുന്നതായി കാണുന്നുണ്ട്. നമ്മുടെ മാതാപിതാക്കൾ ജീവിച്ചിരി ക്കുമ്പോൾ അവരെ സ്നേഹത്തോടെ ശുശ്രൂഷിക്കാനും പരിചരി ക്കാനും അവരെ ഒന്ന് ആശ്ലേഷിച്ച് ചുംബിക്കാനും നാം സമയം കണ്ടെ ത്താറുണ്ടോ എന്ന് ചിന്തിക്കണം. അവർ ഈ ലോകത്ത് നിന്ന് യാത്ര യായതിനുശേഷം എത്ര പണം ചിലഴിച്ചാലും അവർ ജീവിച്ചിരിക്കു മ്പോൾ നൽകേണ്ട സ്നേഹത്തിനും കരുതലിനും അത് പകരമാവില്ല എന്ന സത്യം നമുക്ക് മറക്കാതിരിക്കാം. ഈ ആഗമനകാലം പുതി യൊരു സൂര്യോദയത്തിനുവേണ്ടിയുള്ള കാത്തിരിപ്പാണെന്നോർക്കു ക. നമ്മുടെ ജീവിതത്തിൽ പുതിയവെളിച്ചം നിറയുന്ന അനുഭവം ഈ ആഗമനകാലം സമ്മാനിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

ആഗതമാകുന്ന പിറവി തിരുനാളിന്റെയും പുതുവത്സര ത്തിന്റെയും പ്രാർത്ഥനകളും അനുഗ്രഹങ്ങളും ഹൃദയപൂർവ്വം ഞാൻ നേരുന്നു. എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ

അടയാള മായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ആശിർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2026 നവംബർ 16-ാം തീയതി,

എറണാകുളം
16.11.2026

✠ **ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

N.B.: **ഈ ഇടയലേഖനം 2026 നവംബർ 22-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

CIRCULAR - 28
കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (KRLCC)

ലത്തീൻ കത്തോലിക്കാദിനം
2026 ഡിസംബർ 6, ഞായർ

'എല്ലാവരും ഒന്നായിരിക്കേണ്ടതിന്.'
യോഹന്നാൻ 17:21

യേശുവിൽ പ്രിയ വൈദികരേ, സന്യസ്തരേ,
അല്മായ സഹോദരങ്ങളേ,

തിരുസ്സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനും ഇന്ത്യയുടെ ദ്വീതീയ അപ്പസ്തോലനുമായ വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ തിരുന്നാൾ ദിനമായ ഡിസംബർ 3 ന് ശേഷം വരുന്ന ഞായറാഴ്ച ലത്തീൻ സഭയുടെ നയ രൂപീകരണ ഏകോപന സമിതിയായ കെആർഎൽസിസിയുടെ നേതൃത്വത്തിൽ ലത്തീൻ കത്തോലിക്കാ ദിനമായി സാഘോഷം കൊണ്ടാടുകയാണ്. ആധുനിക ഡിജിറ്റൽ യുഗത്തിൽ മനുഷ്യമഹത്വവും മിഷണറി ചൈതന്യവും മുറുകെപ്പിടിക്കുവാൻ 'മാഗ്നിഫിക്ക ഹ്യുമാനിത്താസ്' (മഹത്തായ മനുഷ്യരാശി) എന്ന തന്റെ പ്രഥമ ചാക്രികലേഖനത്തിലൂടെ ലിയോ പതിനാലാമൻ പാപ്പ ആഹ്വാനം ചെയ്തിരിക്കുന്ന പശ്ചാത്തലത്തിലാണ് ഡിസംബർ 6 ഞായറാഴ്ച ഈ വർഷത്തെ ലത്തീൻ കത്തോലിക്ക ദിനം നമ്മൾ ആചരിക്കുന്നത്. ലത്തീൻ സമുദായംഗം എന്ന നിലയിൽ അന്തസ്സോടും അഭിമാനത്തോടുംകൂടെ മുന്നേറുവാനും പ്രേഷിത തീക്ഷ്ണതയോടെ പ്രവർത്തിക്കുവാനും ഈ ദിനം നമ്മെ ക്ഷണിക്കുന്നു. കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ ഐക്യവും പൊതുവായ സ്വത്വവും ചരിത്രപരമായ സംഭാവനകളും ആഘോഷിക്കുന്ന അവസരമാണ് ലത്തീൻ കത്തോലിക്കാദിനം.

കേരളത്തിലെ പന്ത്രണ്ട് രൂപതകളിലായി അധിവസിക്കുന്ന ലത്തീൻ കത്തോലിക്കർ ഭാഷയിലും സംസ്കാരത്തിലും തൊഴിൽ മേഖലകളിലും സാമൂഹിക സാഹചര്യങ്ങളിലും വൈവിധ്യമുള്ളവരാണ്. എന്നാൽ ഒരേ വിശ്വാസവും ആരാധനാപാരമ്പര്യവും ചരിത്രാ

നുഭവങ്ങളും പൊതുവായ സാമൂഹിക ഉത്തരവാദിത്വങ്ങളും നമ്മെ ഒറ്റച്ചരടിൽ ബന്ധിപ്പിക്കുന്നു. പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പ പ്രബോധിപ്പിക്കുന്നതുപോലെ നമ്മുടെ വിശ്വാസവും പാരമ്പര്യവും നമ്മെ ഒന്നിപ്പിക്കുന്നത് വിഭജനങ്ങളിലേക്കല്ല, മറിച്ച് ക്രിസ്തുവിലുള്ള പരസ്പര കൂട്ടായ്മയിലേക്കാണ്. സഭയുടെ ബലം നിലകൊള്ളുന്നത് ഭിന്നതകളിലല്ല, വിശ്വാസികളുടെ ഐക്യത്തിലാണ്.

കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ ഉന്നത നയരൂപീകരണ ഏകോപന സമിതിയാണ് കേരള റീജ്യൺ ലാറ്റിൻ കാത്തലിക്ക് കൗൺസിൽ (കെആർഎൽസിസി). പങ്കാളിത്തം, ഏകോപനം, ശക്തീകരണം എന്നിവയിലൂടെ സഭയുടെ നവീകരണവും സമുദായത്തിന്റെ ശക്തീകരണവുമാണ് കെആർഎൽസിസി ലക്ഷ്യം വയ്ക്കുന്നത്. ഈ വർഷം കെആർഎൽസിസി രജതജൂബിലിയുടെ നിറവിലാണ്. 2002 മെയ് 24-ന് രൂപീകൃതമായ കെആർഎൽസിസി 25 വർഷത്തെ സംഘടനാപരവും സാമൂഹികവും അജപാലനപരവുമായ പ്രവർത്തനങ്ങളുടെ നാഴികക്കല്ല് പിന്നിടുകയാണ്.

കേരളത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവുമായ വികസനത്തിൽ ലത്തീൻ കത്തോലിക്കർ നിർവഹിച്ച പങ്ക് വിലമതിക്കാനാവാത്തതാണ്. അതേസമയം, ചരിത്രപരമായ സംഭാവനകളെക്കുറിച്ചുള്ള അഭിമാനം മാത്രം മതിയാകില്ല. ഇന്നത്തെ സമൂഹത്തിൽ നമ്മുടെ അവസ്ഥ എന്താണ്? വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക മുന്നേറ്റം, ഭരണപരമായ പങ്കാളിത്തം, രാഷ്ട്രീയ പ്രാതിനിധ്യം തുടങ്ങിയ മേഖലകളിൽ നാം എവിടെയാണ് നിൽക്കുന്നത്? നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും സ്ത്രീകൾക്കും തീരദേശ - മലയോര ജനതയ്ക്കും എന്തെല്ലാം അവസരങ്ങളും വെല്ലുവിളികളുമാണുള്ളത്? ഇക്കാര്യങ്ങൾ അവധാനപൂർവ്വം ആത്മപരിശോധനയ്ക്ക് നാം വിധേയമാക്കണം. രാജ്യത്തിന്റെ സ്വാതന്ത്ര്യ പ്രാപ്തിക്ക്ശേഷം വിവിധ ജനവിഭാഗങ്ങൾ കൈവരിച്ച പുരോഗതികൾക്കൊപ്പം എത്താൻ ലത്തീൻ കത്തോലിക്കർക്ക് സാധിച്ചിട്ടില്ല എന്നാണ് കെആർഎൽസിസിയുടെ പഠനഗവേഷണവിഭാഗമായ FACE (Focused Action for Community Empowerment) ഈയിടെ പ്രസിദ്ധീകരിച്ച 'കേരളത്തിലെ ലത്തീൻ കത്തോലിക്കർ സാമൂഹിക സാമ്പത്തിക പഠനം' എന്ന ഗ്രന്ഥവും മറ്റ് ശാസ്ത്രീയ പഠനങ്ങളും ഉൾപ്പെടെ വിവിധ രേഖകൾ വെളിപ്പെടുത്തുന്നത്. മിക്കവാറും എല്ലാ സാമൂഹിക വികസന

സൂചികകളിലും നാം സംസ്ഥാന ശരാശരിയേക്കാൾ പിന്നിലാണെന്നാണ് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്.

കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ ചരിത്രം തീരദേശജനതയുടെയും മത്സ്യത്തൊഴിലാളികളുടെയും അസംഘടിത തൊഴിലാളികളുടെയും, മലയോര കർഷകരുടെയും ജീവിതാനുഭവങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ന് നമ്മുടെ തീരദേശ ജനത നിരവധി വെല്ലുവിളികൾ നേരിടുന്നു. കാലാവസ്ഥാവ്യതിയാനം, കടലാക്രമണം, തീരശോഷണം, ഭവനപ്രശ്നങ്ങൾ, സിആർഇസഡ് നിയമങ്ങളുടെ നൂലാമാലകൾ, മത്സ്യസമ്പത്തിന്റെ കുറവ്, ഉപജീവന പ്രതിസന്ധി, വികസന പദ്ധതികളിൽനിന്നുള്ള പുറന്തള്ളപ്പെടൽ തുടങ്ങിയ വിഷയങ്ങൾ ഗൗരവമായ ഇടപെടൽ ആവശ്യപ്പെടുന്നു. ഒപ്പംതന്നെ ദുരിതപൂർണ്ണമാണ് മലയോര പ്രദേശങ്ങളിൽ വസിക്കുന്നവർ നേരിടുന്ന 'ഇഎസ്എ' പ്രശ്നം, വന്യമൃഗാക്രമണം, പ്രകൃതിദുരന്തങ്ങൾ തുടങ്ങിവ. അതുപോലെതന്നെ ദലിത് ക്രൈസ്തവർക്ക് സംവരണവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക എന്നതിൽ സവിശേഷമായ പരിഗണനയോടെ ഇടപെടേണ്ടതുണ്ട്.

യേശുക്രിസ്തുവിന്റെ സുവിശേഷം ദരിദ്രരോടും അടിച്ചമർത്തപ്പെട്ടവരോടും രോഗികളോടും സമൂഹത്തിന്റെ അരികുകളിലേക്ക് തള്ളിമാറ്റപ്പെട്ടവരോടും പക്ഷം ചേരുന്ന സുവിശേഷമാണ്. മനുഷ്യരുടെ ജീവിതപ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് നീതിക്കും അന്തസ്സിനും അവകാശ സംരക്ഷണത്തിനുംവേണ്ടി പ്രവർത്തിക്കണം. സഭ പൊതുസമൂഹത്തിൽ നീതിയുടെയും സമാധാനത്തിന്റെയും മനുഷ്യാന്തസ്സിന്റെയും ശബ്ദമായിമാറണം. ജനാധിപത്യമൂല്യങ്ങൾ, മതേതരത്വം, ഭരണഘടനാ അവകാശങ്ങൾ, സാമൂഹികനീതി എന്നിവ സംരക്ഷിക്കുന്നതിൽ സജീവ പങ്കുവഹിക്കണം. വിദ്യാഭ്യാസം, ഗവേഷണം, ആരോഗ്യപരിപാലനം, തൊഴിൽപരിശീലനം, നൈപുണ്യ വികസനം, സാമൂഹിക സംരംഭകത്വം തുടങ്ങിയ മേഖലകളിൽ സഭയുടെ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തണം.

അൽമായരുടെ കഴിവുകളും പ്രൊഫഷണൽ വൈദഗ്ധ്യവും സാമൂഹിക അനുഭവങ്ങളും സഭയുടെ ദൗത്യത്തിനായി പ്രയോജനപ്പെടുത്തണം. സ്ത്രീകളുടെ നേതൃത്വപരമായ പങ്കാളിത്തം വർധിപ്പിക്കണം. യുവജനങ്ങൾക്ക് കേവലം പരിപാടികളിലെ പങ്കാളിത്തത്തിനപ്പുറം സംഘടനകളിലും അജപാലന സംവിധാനങ്ങളിലും തീരുമാന

മെടുക്കുന്ന തലങ്ങളിലും ഉത്തരവാദിത്വങ്ങൾ നൽകണം. സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഉത്തരവാദിത്വപൂർണവും ഫലപ്രദവുമാകണം.

ആഗോള കത്തോലിക്കാ സഭ ഇന്ന് സിനഡാത്മകതയുടെ ചൈതന്യത്തിൽ ദൈവജനം ഒരുമിച്ചുള്ള സുപ്രധാന നവീകരണ യാത്രയിലാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ രൂപപ്പെടുത്തിയ സിനഡാത്മക ശൈലി സഭയുടെ ജീവിതത്തെയും നേതൃത്വത്തെയും ദൗത്യത്തെയും പുനർവിചിന്തനം ചെയ്യാനുള്ള വലിയ അവസരമാണ് നൽകുന്നത്. സഭയെ കൂടുതൽ പങ്കാളിത്താധിഷ്ഠിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും പ്രേഷിതോന്മുഖവുമായ സമൂഹമായി വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള ലത്തീൻ സഭയിൽ ദശവത്സര അജപാലന പദ്ധതി രൂപീകരണ പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

നേതൃസംഗമങ്ങൾ, പ്രൊഫഷണൽസ്കോൺക്ലേവ്, അല്മായ കോൺക്ലേവ്, ഗവേഷകരുടെ സമ്മേളനം, വൈദിക സന്യസ്ത ജൂബിലി കോൺഫറൻസ്, ദശവത്സര അജപാലന പദ്ധതി രൂപീകരണം തുടങ്ങിയ വിവിധ പരിപാടികളിലൂടെ ഒരുവർഷം നീണ്ടുനില്ക്കുന്ന രജതജൂബിലി ആഘോഷങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 2027 മെയ് 23 നാണ് കെആർഎൽസിസിയുടെ രജതജൂബിലി സമാപിക്കുന്നത്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

2026 ലെ ലത്തീൻ കത്തോലിക്കാദിനത്തോടനുബന്ധിച്ച് ഡിസംബർ 6-ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും കെആർഎൽസിസി പതാക ഉയർത്തുകയും പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും വേണം. കെആർഎൽസിസി പതാക രൂപതാകേന്ദ്രങ്ങളിൽ ലഭിക്കുന്നതാണ്. അന്ന് രൂപതാതലങ്ങളിൽ സാധ്യമാകുന്ന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. KRLCC യുടെ ദൈനംദിന പ്രവർത്തനങ്ങളെ സഹായിക്കേണ്ടത് ലത്തീൻ കത്തോലിക്കരായ നമ്മുടെയെല്ലാം ഉത്തരവാദിത്വമാണ്. ഇതിലേക്കായി ഡിസംബർ 6 ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സമാഹരിച്ച് 2027 ജനുവരി 31 നകം രൂപതാകേന്ദ്രങ്ങൾ വഴി കെആർഎൽസിസി ഓഫീസിലേക്ക് അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ രജതജൂബിലി ഒരു പുതിയയാത്രയുടെ തുടക്കമാണ്. രജതജൂബിലി പിന്നിട്ട 25 വർഷങ്ങളുടെ ആഘോഷം മാത്രമല്ല, വരാനിരിക്കുന്ന 25 വർഷങ്ങളുടെ ദൗത്യത്തിലേക്കുള്ള പ്രതിജ്ഞയും തുടക്കവുമാകട്ടെ. വിശ്വാസത്തിൽ വേരൂന്നി, പ്രത്യാശയിൽ മുന്നേറി, സ്നേഹത്തിൽ ഒരുമിച്ച് പ്രവർത്തിച്ച്, കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്ന ഒരു നവീകരിക്കപ്പെട്ട സഭയും ശാക്തീകരിക്കപ്പെട്ട ലത്തീൻ കത്തോലിക്കാസമൂഹവും നമുക്ക് ഒരുമിച്ച് കെട്ടിപ്പടുക്കാം. നമ്മുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ മംഗളങ്ങളും ലത്തീൻ കത്തോലിക്കാ ദിനത്തിന്റെ എല്ലാ ആശംസകളും നിങ്ങൾക്കേവർക്കും നേർന്നുകൊള്ളുന്നു. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!.

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

✠ വർഗീസ് ചക്കാലക്കൽ
പ്രസിഡന്റ്, കെആർഎൽസിസി & കെആർഎൽസിബിസി
കോഴിക്കോട് അതിരൂപത മെത്രാപ്പോലീത്ത

✠ സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ
വൈസ് പ്രസിഡന്റ്, കെആർഎൽസിസി & കെആർഎൽസിബിസി
തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ

✠ ക്രിസ്തുദാസ് ആർ.
സെക്രട്ടറി, കെആർഎൽസിസി & കെആർഎൽസിബിസി
വിജയപുരം രൂപതാമെത്രാൻ

✠ ജോസഫ് കളത്തിപ്പറമ്പിൽ
വരാപ്പുഴ അതിരൂപത മെത്രാപ്പോലിത്ത

N.B.: **ഈ സർക്കുലർ 2026 നവംബർ 29-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

CIRCULAR - 29

ബൈബിൾ ഞായർ – 2026

യേശുവിൽ പ്രിയ സഹോദര വൈദികരേ,
സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളെ,

2026 ഡിസംബർ 20-ാം തീയതി ഞായറാഴ്ചയാണ് കേരള കത്തോലിക്കാസഭ ബൈബിൾ ഞായറായി ആഘോഷിക്കുന്നത്. ബൈബിൾ ഞായറിനോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ചുവടെ ചേർക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം 2026 ഡിസംബർ 20-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2026 നവംബർ 16-ാം തീയതി,

എറണാകുളം
16.11.2026

✠ *ജോസഫ് കളത്തിപ്പറമ്പിൽ*
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയമുള്ളവരേ,

വചനം മാംസമായ ദൈവപുത്രനെ വരവേൽക്കാൻ 2026 ഡിസംബർ മാസം ബൈബിൾ പാരായണമാസമായും ഡിസംബർ 20-ാം തീയതി ബൈബിൾ ഞായറായും കേരള കത്തോലിക്കാസഭ ആചരിക്കുകയാണ്. വചനത്തെ ജീവിതപാഠമാക്കിയ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ 800-ാം ചരമവാർഷികത്തിന്റെയും നിർമിത ബുദ്ധി (AI)യുടെ കാലഘട്ടത്തിൽ മനുഷ്യമഹത്ത്വത്തെ പ്രഘോഷിക്കുന്ന ലെയോ പതിനാലാമൻ മാർപാപ്പായുടെ ആദ്യ ചാക്രികലേഖനമായ 'മഹത്തായ മനുഷ്യരാശി' (*Magnifica Humanitas*) യുടെയും പശ്ചാത്തലത്തിൽ വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിലെ ഏഴാം അധ്യായം ഇരുപത്തിനാലാം വാക്യമാണ് ഏവരുടെയും പരിചിന്തനത്തിനായി ഇത്തവണ നാം തിരഞ്ഞെടുത്തിരിക്കുന്നത്: "അതിനാൽ, എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും".

നിർമിതബുദ്ധിയുടെ സാഹചര്യങ്ങളിൽ മനുഷ്യന്റെ മഹത്ത്വം സംരക്ഷിക്കപ്പെടേണ്ടത് ദൈവവചനത്തിന്റെ ഉറപ്പുള്ള അടിസ്ഥാനത്തിലാണെന്നു തന്റെ ചാക്രികലേഖനത്തിൽ പരിശുദ്ധ പിതാവ് വ്യക്തമാക്കുന്നു. അറിവു വർധിപ്പിക്കാനും ഇതരമനുഷ്യ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും നിർമിതബുദ്ധിക്കു കഴിഞ്ഞേക്കാം. എന്നാൽ മനുഷ്യനു ജീവനും സുരക്ഷയും സമാധാനവും ആത്മീയപോഷണവും നൽകാൻ അതു അപര്യാപ്തമാണ്. തിരുവചനശ്രവണത്തിലൂടെയാണ് മനുഷ്യൻ ഇവ സ്വായത്തമാക്കുന്നത്. ശ്രവിക്കുക (മത്താ 7,25) എന്നതിനു 'ഷെമാ' എന്ന ഹെബ്രായപദമാണ് ബൈബിളിൽ ഉപയോഗിക്കുന്നത്. ശ്രവിക്കുക, ദൈവഹിതം മനസിലാക്കുക, തദനുസാരം പ്രവർത്തിക്കുക എന്നിങ്ങനെ മൂന്ന് അർഥതലങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ പദം.

വചനം ശ്രവിക്കുന്ന വ്യക്തിയെ 'വിവേകമതി'യെന്നാണു ക്രിസ്തു വിളിക്കുന്നത്. 'ഫ്രോനിമോസ്' എന്ന ഗ്രീക്കുപദം അർഥമാക്കുന്നത് ധാർമികമായ വിവേചിച്ചറിയലും പ്രയോഗികജ്ഞാനവുമാണ്. അതായത്, സാങ്കേതികമികവ് ഉണ്ടാകുമ്പോഴും മനുഷ്യരാശിക്കു വിവേകം അനിവാര്യമാണെന്ന് ഇത് ഓർമപ്പെടുത്തുന്നു. ഈ വിവേകം കൈവരുന്നതു മനുഷ്യന്റെ ബുദ്ധിസാമർഥ്യത്തിൽനിന്നല്ല; മറിച്ച്, നിരന്തരമുള്ള ദൈവശ്രവണത്തിലൂടെ ദൈവഹിതത്തോടു നമ്മെ അനുരൂപപ്പെടുത്തുന്നതിലാണ്. വിവേകമതിയായ മനുഷ്യൻ ഉറച്ച പാറമേലാണു ഭവനം പണിയുന്നത് . യേശുക്രിസ്തുവും അവിടത്തെ വചനവുമാണ് ഈ ഉറച്ച അടിത്തറ. വചനമാകുന്ന പാറയിൽ അടിസ്ഥാനമിടാത്ത സകല മാനുഷികനിർമിതികളും സ്ഥായിയായി നില്ക്കില്ല. ദൈവവചനത്തിന്റെ അടിത്തറയില്ലാതെ സാങ്കേതികവിദ്യകൊണ്ടും നിർമിതബുദ്ധികൊണ്ടും മാത്രം മനുഷ്യൻ കെട്ടിപ്പൊക്കുന്നതെല്ലാം 'ബാബേൽഗോപുര'ങ്ങൾ മാത്രമാണ് (ഉത്പ 11). അവയെല്ലാം ചിന്നിച്ചിതറുകയും നിലംപൊത്തുകയും ചെയ്യും. എന്നാൽ, ക്രിസ്തുവിന്റെ വചനമാകുന്ന പാറമേൽ അടിസ്ഥാനമിട്ടുകൊണ്ടുള്ള സാങ്കേതികവളർച്ച സ്വർഗീയസീയോനെ പണിതുയർത്തുന്നു (*മഹത്തായ മനുഷ്യരാശി* 10–14). പരസ്പരസ്നേഹവും സാഹോദര്യവും സൃഷ്ടപ്രപഞ്ചത്തോടുള്ള ആദരവും ഈ സ്വർഗീയസീയോന്റെ സൗന്ദര്യം വർധിപ്പിക്കുന്നു. അതിനാൽ, 'വചനം ശ്രവിക്കുന്ന വിവേകമതികളായി'ക്കൊണ്ട് വചനത്തിൽ അടിസ്ഥാനമിട്ട് സാഹോദര്യത്തിന്റെ സ്വർഗീയസീയോൻ കെട്ടിപ്പടുക്കാൻ ഈ ബൈബിൾ പാരായണ മാസത്തിൽ നമുക്കു പ്രത്യേകം പരിശ്രമിക്കാം.

കേരള കത്തോലിക്കാസഭയും ബൈബിൾ ശുശ്രൂഷയും

ഈ കാലയളവിൽ ദൈവവചനത്തിൽ ഉറച്ച് കേരളസഭയെ നയിക്കുന്നതിനായി കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റുകളും ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ അതിന്റെ അമ്പതാം വർഷത്തിലേക്കു പ്രവേശിക്കുമ്പോൾ, പി.ഒ.സി. ബൈബിൾ സമ്പൂർണമായി പരിഷ്ക്കരിച്ച് കേരളസഭയ്ക്കു നൽകാനും വിപുലമായി പ്രസിദ്ധീകരിക്കാനും കഴിഞ്ഞത് അഭിമാനാർഹമായ ചരിത്രനേട്ടമാണ്.

ലക്ഷകണക്കിനു വിശ്വാസികൾ പങ്കെടുക്കുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാമായ 'ലോഗോസ് ബൈബിൾ ക്വിസ്' കാൽനൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. ബൈബിൾ പഠനം എല്ലാവരിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി കുടുംബങ്ങൾക്കായുള്ള ഫാമിലി ലോഗോസും കേൾവി ബുദ്ധിമുട്ടുള്ളവർക്കു വേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾച്ചേർത്ത് ലോഗോസ് ക്വിസ് വിപുലമാക്കിയിട്ടുണ്ട്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും കാഴ്ച പരിമിതിയുള്ളവർക്കുവേണ്ടി സൈൻ ബൈബിളും ഇന്നു നമുക്കു ലഭ്യമാണ്. കലകളിലൂടെയും സാഹിത്യത്തിലൂടെയും ദൈവവചന പ്രചാരണം ലക്ഷ്യമാക്കികൊണ്ട് 2027 ജനുവരി 2,3 തീയതികളിൽ സംസ്ഥാന ബൈബിൾകലോത്സവം സംഘടിപ്പിക്കുന്നതാണ്.

ബൈബിൾവിജ്ഞാനം ആഴമായി നൽകുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ അംഗത്വം 15000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും വചനമെഴുത്തും ഒരു ആധ്യാത്മികചര്യയായി വളർത്താനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഒരു കുടുംബത്തിൽ ഒരു ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലേക്ക് ഇപ്പോൾ നാം മുന്നേറുകയാണ്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ, ആഗോളസഭയ്ക്കു മാതൃകയും പ്രചോദനവുമാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമപ്പെടുത്തുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം. ബൈബിൾ പാരായണമാസം ആചരിച്ചുകൊണ്ട് തിരുപ്പിറവിക്കായി ഒരുങ്ങുമ്പോൾ കുടുംബപ്രാർഥനയിൽ വിശുദ്ധ ഗ്രന്ഥവായനയ്ക്കും ധ്യാനത്തിനും മുൻഗണന നൽകണം. അനുദിനം ഒരു സങ്കീർത്തനമെങ്കിലും വായിച്ചുധ്യാനിക്കുന്നത് ശീലമാക്കണം. ശാന്തതയും സ്വസ്ഥതയും നല്കുന്ന 'ഡിജിറ്റൽ ഉപവാസത്തിനും

ദൈവവചന വായനയ്ക്കും' നമ്മൾ സമയം കണ്ടെത്തണം. ഡിസംബർ 20-ന് ബൈബിൾ ഞായർ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ ഇടവകകളിൽ ആചരിക്കുന്നത് ഉചിതമായിരിക്കും. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു.

നമുക്കു പ്രത്യാശയും രക്ഷയും നല്കുന്ന, നമ്മെ സ്നേഹിക്കാൻ പ്രാപ്തരാക്കുന്ന ദൈവപുത്രന്റെ മനുഷ്യാവതാരത്തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

✠ ബിഷപ് മാർ ജോസ് പുളിക്കൽ
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

✠ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

✠ബിഷപ് മാത്യൂസ് മാർ പോളികാർപ്പസ്
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

N.B.: **ഈ സർക്കുലർ 2026 ഡിസംബർ 20-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

CASUS
NOVEMBER 2026

The Parish of St. Andrew's Church is having 3000 families. The Parish Priest and other two assistant parish priests are fully involved in the pastoral ministry. On Sundays, Rev. Parish Priest and other two assistant parish priests are busy enough with Catechism, administration of the Sacrament of Baptism and Blessing of Holy Matrimony and many seminars. They do not take other appointments outside the parish. On Sundays Rev. Parish Priest is assisted by a Deacon. One Sunday Rev. Parish Priest received a phone call from Government Hospital, which is just 3 km away from the church, to administer the Anointing of the Sick. Rev. Parish Priest sent Deacon to attend the case. Rev. Deacon went and administered the Anointing of the sick. Rev. Parish Priest appreciated the enthusiastic service of Deacon and gave him a general permission to attend such cases on Sundays. Rev. Deacon went on administering the Anointing of the Sick.

Questions

1. What is the nature of the Anointing of the sick? (Ref. Can. 998)
2. Who and when can bless the oil to be used in the Anointing of the sick (Ref. Can. 999)
3. What is the manner of Anointing (Ref. Can. 1000)
4. Who is the minister of the Anointing of the Sick? (Ref. Can. 1003)
5. What Christian believers are capable of receiving the Anointing? (Ref. Can. 1004)
6. How do you evaluate the behavior of Rev. Parish Priest in the aforementioned case?

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21